**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 527** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പെരിയാർ നദിയുടെ സംരക്ഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പെരിയാർ നദിയുടെയും നദീതീരത്തിന്റെയും സംരക്ഷണത്തിനായി മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** കോതമംഗലം നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന പെരിയാർ നദിയുടെയും നദീതീരത്തിന്റെയും സംരക്ഷണത്തിനായി നിലവിൽ പദ്ധതികൾ ഒന്നും തന്നെ ഇല്ല.

**(ബി)** പെരിയാർ നദിയുടെ സംരക്ഷണത്തിനും നദീതീരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പെരിയാർ നദിയുടെയും അതിന്റെ തീരപ്രദേശങ്ങളുടെയും സംരക്ഷണം ലക്ഷ്യമാക്കി ജലസേചനവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി നദിയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനും ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനുമായി ഓപ്പറേഷൻ വാഹിനി പദ്ധതിയുടെ ഭാഗമായി പെരിയാർ നദിയുടെയും പോഷകനദികളുടെയും ശുചീകരണം, തടസ്സങ്ങൾ നീക്കം ചെയ്യൽ, കുളവാഴ നിർമ്മാർജ്ജനം, തീരസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ, വിവിധ ജനപ്രതിനിധികൾ, പൊതുജനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ആവശ്യം പരിഗണിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നദീതീര സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും നടപ്പിലാക്കി വരുന്നു. നദീതീര കയ്യേറ്റങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട റവന്യൂ അധികാരികൾ മുഖേന പരിശോധന നടത്തി, ബാധകമായ നിയമ വ്യവസ്ഥകൾ അനുസരിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ കയ്യേറ്റങ്ങൾ തടയുന്നതിനായി റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെ ഏകോപിത നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**